(ബി) പരിശോധിക്കാം. പാൽ, ഇറച്ചി തുടങ്ങിയ ഭക്ഷ്യോൽപ്പന്നങ്ങളിലെ കീടനാശിനി, ഹോർമോൺ, ആന്റി ബയോട്ടിക്കുകൾ തുടങ്ങിയവയുടെ അളവ് കണ്ടുപിടിക്കുന്നതിന് സഹായിക്കുന്ന സംവിധാനങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

വയനാട്-ഇടുക്കി ജില്ലകളിലെ കർഷകരുടെ ഋണബാദ്ധ്യത

66 [1005] ശ്രീ. ടി. യു. രാധാകൃഷ്ണൻ :
,, എം. എ. വാഹീദ് :
,, ലൂഡി ലൂയിസ് :
,, എം. കെ. പോൾസൺ മാസ്റ്റർ :
,, വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്-ഇടുക്കി ജില്ലകളിലെ കർഷകരുടെ ഋണബാദ്ധ്യതയെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; അവരുടെ പ്രതിശീർഷ ഋണബാദ്ധ്യത എത്രയാണ് എന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ ;

(ബി) അവർക്ക് സഹകാര്യ മണിലെൻഡേഴ്സിൽ ഒട്ടാകെ എത്ര തുകയുടെ ബാദ്ധ്യതയുണ്ട് ;

(സി) അവരെ സഹകാര്യ മണിലെൻഡേഴ്സിൽ നിന്ന് മോചിപ്പിക്കുവാൻ എന്ത് നടപടിയെടുക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വയനാട്-ഇടുക്കി ജില്ലകൾക്ക് മാത്രമായി പഠനം നടത്തിയിട്ടില്ല. നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷൻ പ്രസിദ്ധീകരിച്ച എൻ.എസ്.എസ്. 59-ാം റൗണ്ട് റിപ്പോർട്ട് പ്രകാരം കേരളത്തിലെ ഓരോ കർഷക കുടുംബത്തിന്റെയും ശരാശരി കടബാദ്ധ്യത 33907 രൂപയാണ്.

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

ഇടുക്കി ജില്ലയിൽ ആത്മഹത്യ ചെയ്ത കർഷകർ

67 [1006] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക മേഖലയിലെ വിലത്തകർച്ച, ബാങ്ക് ജപ്തി നടപടികൾ എന്നിവമൂലം ഇടുക്കി ജില്ലയിൽ എത്ര കൃഷിക്കാർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര പേരാണ് ; ആരൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) ആത്മഹത്യ ചെയ്തവരുടെ കുടുംബത്തിന് സർക്കാർ ധനസഹായം നൽകിയിട്ടുണ്ടോ ; എങ്കിൽ എത്ര തുക വീതമാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ഇടുക്കി ജില്ലയിൽ കടക്കെണിമൂലം 2004-ൽ 3 കർഷകർ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവരുടെ പേരു വിവരം ചുവടെ ചേർക്കുന്നു :

1. മാത്യു തോമസ്, കൂടംപറമ്പിൽ, കൊക്കയാർ, പീരുമേട്.
2. കുര്യൻ കുര്യൻ, കമ്പനി തെക്കേതിൽ, ബൈസൺവാലി, ഇടുക്കി.
3. മാത്യു ജോൺ, വാണിയംപുരയ്ക്കൽ, രാജകുമാരി, ഇടുക്കി.

(ബി) ഇടുക്കി ജില്ലയിൽ ആത്മഹത്യ ചെയ്ത 3 കർഷകരുടെ കുടുംബങ്ങൾക്ക് അടിയന്തിര ധനസഹായം നൽകുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്നും 50,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്.

ആത്മഹത്യ ചെയ്ത രാഘവൻ നായരുടെ കുടുംബത്തിന് ധനസഹായം

68 [1007] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പുല്ലൂർ-പെരിയ പഞ്ചായത്തിൽ കാർഷിക കടം തിരിച്ചടയ്ക്കാൻ സാധിക്കാത്തതുമൂലം ആത്മഹത്യ ചെയ്ത രാഘവൻ നായരുടെ കുടുംബത്തിന് എന്തെങ്കിലും ധനസഹായം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) കുടുംബത്തെ സഹായിക്കണമെന്ന് ആവശ്യപ്പെട്ട് പരേതന്റെ ഭാര്യ കാർത്ത്യായനി സമർപ്പിച്ച ഹർജിയിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ഇല്ല.

(സി) ശ്രീമതി കാർത്ത്യായനി സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ പരേതന്റെ കുടുംബത്തിന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കർഷക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് പെൻഷൻ

69 [1008] ശ്രീ. കെ. മുഹമ്മദാലി :
,, എം. എം. ഹസ്സൻ :
,, എ. കെ. മണി :
,, ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക വൃത്തിയിലേർപ്പെട്ടിരിക്കുന്നവർക്ക് പെൻഷൻ കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

GPM. 2/153/2013—14

LIBRARY ARCHIVES Kerala Legislative Assembly